

# പല്ലി

▸ പി.സി സുദർശൻ

ഈ വീടിന്റെ
നാലു ചുവരുകളാണ്
എന്റെ ലോകം.
എപ്പോൾ വേണമെങ്കിലും
ശത്രുക്കളുടെ
അപ്രതീക്ഷിത
അക്രമണമുണ്ടായേക്കാം.
കരുതലുണ്ടെങ്കിൽ

വാൽ മുറിച്ചിട്ടോ
മേശക്കടിയിലോ
കട്ടിലിന്നടിയിലോ
പുസ്തകക്കൂട്ടങ്ങൾക്കിടയിലോ
ഓടിയൊളിച്ച് രക്ഷപ്പെടാം.
വിപ്ലവകാരിയുടെ
വീടായതിനാൽ
അടവും തന്ത്രവും

കണ്ടും കേട്ടും അൽപം
പഠിച്ചുവച്ചിട്ടുണ്ട്

ഇന്നലെ
ശയന മുറിയിലൂടെ
ഉലാത്തുന്നതിനിടയിൽ
തുറന്നിട്ട അലമാരയ്ക്കുള്ളിൽ
വെറുതെ കയറി നോക്കി
അട്ടിയിട്ട
ഗാന്ധിത്തലകൾ കണ്ട്
ഞാൻ ഞെട്ടി
എന്റെ കണ്ണുകൾ മഞ്ഞളിച്ചു
അപ്പോൾ
മുറിയ്ക്കകം
സമ്മിശ്ര ഗന്ധങ്ങൾ
ഒഴുകിപ്പരന്നു
പുഴയുടെ - കാടിന്റെ
മലയുടെ - വയലുകളുടെ -
വിയർപ്പിന്റെ
തെരുവിൽ വെട്ടിനുറുക്കപ്പെട്ട
മനുഷ്യപുത്രന്റെ ചോരയുടെ...

ഞാൻ ചിലച്ചതും
അലമാര കൊട്ടിയടഞ്ഞതും
ഒപ്പമായിരുന്നു.

ഇപ്പോൾ
നിങ്ങളെത്ര സത്യം
വിളിച്ചുപറഞ്ഞാലും
എന്നെ കേൾക്കാൻ
നിങ്ങൾക്കാകില്ല.

---

# തീപ്പെട്ടിക്കൂട്

▸ ഷിബിൻ വെങ്കിടങ്ങ്

എനിക്കൊരു ചുംബനം തന്നുകൊണ്ട്
എന്റെ മക്കളെല്ലാം മരണപ്പെട്ടു
ദുഷ്ടയായ മാതാവെന്ന് മുദ്രകുത്തി
നിങ്ങളെന്നെ തെരുവിലേക്ക്
വലിച്ചെറിയുമ്പോൾ
എന്റെ ഇരു കവിളിലും
ആ പാപക്കറയുണ്ടായിരുന്നു.



Vol. No: 71 Issue No. 22 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla